## ലേബർ കമ്മീഷണറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

(ഹാജർ : സുനിൽകുമാർ.സി.വി)

വിഷയം: തൊഴിൽ വകുപ്പ്- ഭരണ നിർവ്വഹണം-ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥലംമാറ്റം/സ്ഥാനകയറ്റം അനുവദിച്ച് ഉത്തരവാകുന്നു.

സൂചന:

1) സ.ഉ(സാധാ) നം.441/2022/തൊഴിൽ തീയതി 02/04/2022.

2) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 05/04/2022 തീയതിയിലെ 138/എ1/2022-ാം നമ്പർ ഉത്തരവ്

3) ഈ കാര്യാലയത്തിൽ നിന്നുള്ള 08/04/2022 തീയതിയിലെ LCO/342/2022/ഇ(2) നമ്പർ ഉത്തരവ്.

4) ഈ കാര്യാലയത്തിൽ നിന്നും സർക്കാരിനയച്ച 05/05/2021 -ാം തീയതിയിലെ ഇ(2)/19634/18 നമ്പർ കത്ത്.

5) കാസർഗോഡ് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിൽ നിന്നുള്ള 24/03/2022 തീയതിയിലെ എ.ഇ 189/22 നമ്പർ കത്തും ടി കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക് ശ്രീമതി. മായ എം.കെ-യുടെ സ്ഥലംമാറ്റ അപേക്ഷയും.

6) പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ 12/04/2022 തീയതിയിലെ എ/1637/2021 നമ്പർ ഉത്തരവ്.

---

**ഉത്തരവ് നമ്പർ LCO-10327/2021/ഇ2 തിരുവനന്തപുരം , തീയതി : 25/04/2022**

---

പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബിജുരാജ് റ്റി.ആർ-ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി വായന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതനുസരിച്ച് പത്തനംതിട്ട ജില്ലാ ലേബർ ഓഫീസർക്ക് ടിയാനെ ടി ബോർഡിന്റെ പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് വിടുതൽ ചെയ്യുന്നതിന് അനുമതി നൽകിയതനുസരിച്ച് ടിയാനെ വായന (6) ഉത്തരവാ പ്രകാരം 12/04/2022 അപരാഹ്നത്തിൽ വിടുതൽ ചെയ്തത് വഴി ജൂനിയർ സൂപ്രണ്ടിന്റെ ഒരൊഴിവ് നിലവിലുണ്ട്.

പത്തനംതിട്ട ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബിജുരാജ് റ്റി.ആർ-ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവനം ലഭിച്ച് വിടുതൽ ചെയ്തത് വഴിയുണ്ടായ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾ 28(ബി) (ii) പ്രകാരം 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ റഗുലർ ബേസിസിൽ താഴെ പറയും പ്രകാരം സ്ഥാനകയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| സ്ഥാനക്കയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.ഷംല. എ<br>ഹെഡ് ക്ലാർക്ക്,<br>ജില്ലാ ലേബർ ഓഫീസ്<br>പത്തനംതിട്ട | ജൂനിയർ സൂപ്രണ്ട്<br>ജില്ലാ ലേബർ ഓഫീസ്<br>പത്തനംതിട്ട | പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ബിജുരാജ് റ്റി.ആർ. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് പത്തനംതിട്ട ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറായി അന്യത്ര സേവനം ലഭിച്ച് വിടുതൽ ചെയ്തത് വഴി ഉണ്ടായ ഒഴിവിൽ ജൂനിയർ സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

മേൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതുവഴി ഉണ്ടായ ഒഴിവിലേയ്ക്ക് വായന (5) പ്രകാരമുള്ള സ്ഥലംമാറ്റ അപേക്ഷയുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

| സ്ഥലംമാറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.മായ എം.കെ<br>ഹെഡ് ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>കാസർഗോഡ് | ഹെഡ് ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ്<br>പത്തനംതിട്ട | അപേക്ഷ പ്രകാരം |

മേൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയതു വഴി ഉണ്ടായ ഹെഡ് ക്ലാർക്കിന്റെ ഒഴിവിലേയ്ക്ക് 1958-ലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസസ്സ് റൂൾ 28(ബി)(ii) പ്രകാരം 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ ബേസിൽ താഴെപറയും പ്രകാരം സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| സ്ഥാനകയറ്റം | | | |
|---|---|---|---|
| ക്രമ നമ്പർ | പേര്, തസ്തിക | സ്ഥാനകയറ്റം നൽകി നിയമിക്കുന്ന തസ്തിക, ഓഫീസ് | കുറിപ്പ് |
| 1 | ശ്രീമതി.സിനിമോൾ കെ.ജെ<br>സീനിയർ ക്ലാർക്ക്, അസിസ്റ്റന്റ് ലേബർ ഓഫീസ് (രണ്ടാം സർക്കിൾ) കോട്ടയം | ഹെഡ് ക്ലാർക്ക്<br>ജില്ലാ ലേബർ ഓഫീസ് കാസർഗോഡ് | കാസർഗോഡ് ജില്ലാ ലേബർ ഓഫീസറുടെ കാര്യാലയത്തിലെ ഹെഡ് ക്ലാർക്ക്, ശ്രീമതി മായ. എം.കെ-യ്ക്ക് സ്ഥലംമാറ്റം നൽകിയതുവഴിയുണ്ടായ ഒഴിവിൽ ഹെഡ് ക്ലാർക്കായി സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നു. |

ടി സ്ഥാനക്കയറ്റ ഉത്തരവ് വായന (4) പ്രകാരം ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും സർക്കാരിനയച്ച 05/05/2021 തീയതിയിലെ ഇ(2) 19634/2016-ാം നമ്പർ കത്തിന്റെ മറുപടി/ഉത്തരവ് അനുസരിച്ച് ഭേദഗതി വരുത്തുന്നതും ആവശ്യമെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുന്നതുമാണ്.

നിയന്ത്രണാധികാരികൾ ടി ഉത്തരവുകൾ അടിയന്തരമായി നടപ്പിലാക്കി ആയത് ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ടി ഉത്തരവ് സംബന്ധിച്ച് സർവ്വീസ് പുസ്തകത്തിലും സ്പാർക്കിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

(ഒപ്പ്)
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

ബന്ധപ്പെട്ടവർക്ക്(വെബ്സൈറ്റ് മുഖാന്തിരം)

പകർപ്പ്:-
1) പി.എ.റ്റു ലേബർ കമ്മീഷണർ
2) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ, കൊല്ലം, കോഴിക്കോട്
3) ജില്ലാ ലേബർ ഓഫീസർ, പത്തനംതിട്ട, കാസർഗോഡ്
4.) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
5) സീനിയർ സൂപ്രണ്ട്(ഇ)
7) ജൂനിയർ സൂപ്രണ്ട്(ഇ)
8) ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട് (ഇ)

ജെ.സി 18/04/2022